# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2099 — 11/02/2020-ൽ മറുപടിക്ക്

## കുറുംകോട്ട ദ്വീപിൽ പുതിയ ഹെൽത്ത് സബ് സെന്റർ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |
| എ) ഏകദേശം 150-ഓളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കുറുംകോട്ട ദ്വീപ് നിവാസികൾ ചികിത്സയ്ക്കായി അനുഭവിച്ചുപോരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഒരു ഹെൽത്ത് സബ് സെന്റർ സ്ഥാപിക്കുന്നതിനോ മൊബൈൽ ഹെൽത്ത് ക്ലിനിക്കിന്റെ സേവനം ലഭ്യമാക്കുന്നതിനോ നടപടി സ്വീകരിക്കുമോ; ബി) ഇത് സംബന്ധിച്ച് പട്ടികജാതി-പട്ടികവർഗ്ഗ മന്ത്രിക്ക് 21.11.2019-ന സമർപ്പിച്ചതും പ്രസ്തുത ഓഫീസിൽ നിന്നും 01.12.2019-ന് 1140/വിഐപി/എം(എസ്.സി/എസ്.ടി.,ബി.സി.,ലോ&സി)2019 നമ്പർ കത്ത് പ്രകാരം ആരോഗ്യവകുപ്പമന്ത്രിക്ക് നൽകിയതുമായ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | എ) & ബി) | എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ വരുന്നതും ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിലെ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്നതുമായ കുറുംകോട്ട ദ്വീപിൽ 92 പട്ടിക ജാതി കുടുംബങ്ങളാണ് ഉള്ളത്. ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്തിലെ ചിറ്റൂർ ഫെറിയിൽ ആരോഗ്യ വകുപ്പിന്റെ ഒരു സബ് സെന്റർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ടി സബ് സെന്ററിൽ നിന്നും ഏകദേശം 4 കി.മീ. ദൂരത്തിലാണ് പ്രസ്തുത ദ്വീപ് സ്ഥിതി ചെയ്യുന്നത്. നിലവിൽ 5000 ജനസംഖ്യയ്ക്കാണ് ഒരു സബ് സെന്റർ അനുവദിക്കപ്പെടുന്നത്. ഇത് സംബന്ധിച്ച് ബഹു.പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ആഫീസിൽ നിന്നും 02.11.2019 ലെ ഇ.3960369/2019 എന്ന മേലെഴുത്ത് കത്ത് പ്രകാരം ദ്വീപ് നിവാസികൾ ഒരു ഹെൽത്ത് സെന്റർ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിവേദനം ലഭിക്കുകയും എറണാകുളം ജില്ലാ മെഡിക്കൽ ആഫീസിലെ ഡി1/21030/19 തീയതി 11.11.2019 കത്ത് പ്രകാരം ഇതു സംബന്ധിച്ച് വിശദ റിപ്പോർട്ട് സമർപ്പിക്കുവാൻ ചേരാനെല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ദ്വീപിലെ ആകെ ജനസംഖ്യ, ദ്വീപിലെ നിലവിലെ ആരോഗ്യ സംവിധാനം, സബ് സെന്റർ അനുവദിക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കുവാൻ സാധിക്കുമോ എന്നീ വസ്തുതകൾ പരിശോധിച്ച് സമഗ്ര റിപ്പോർട്ടും ആവശ്യമെങ്കിൽ പ്രൊപ്പോസലും സമർപ്പിക്കുവാൻ ചേരാനെല്ലൂർ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ആഫീസർക്ക് ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ